## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2576 — 5.11.2019 -ൽ മറുപടിയ്ക്ക്

### ചാമ്പ്യൻസ് ബോട്ട് ലീഗ്

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | വിനോദസഞ്ചാര മേഖലകളിൽ വള്ളംകളിയുടെ സാധ്യതകൾ മനസ്സിലാക്കി ചാമ്പ്യൻസ് ബോട്ട് ലീഗ് എന്ന പേരിൽ ചുണ്ടൻ വള്ളംകളി മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | എ) | പ്രഥമ ചാമ്പ്യൻസ് ബോട്ട് ലീഗ് ഓഗസ്റ്റ് 31-ന് ആലപ്പുഴയിൽ നടന്ന നെഹ്റു ട്രോഫി വള്ളംകളിയോടെ ആരംഭിക്കുകയും നവംബർ 23-ന് കൊല്ലത്ത് വച്ച് നടക്കുന്ന പ്രസിഡന്റ്സ് ട്രോഫി വള്ളംകളിയോടെ സമാപിക്കുകയും ചെയ്യുന്ന രീതിയിൽ നടന്നുവരുന്നു. കേരളത്തിലെ ആറ് ജില്ലകളിലായി 12 സ്ഥലങ്ങളിലായാണ് ചാമ്പ്യൻസ് ബോട്ട് ലീഗ് നടക്കുന്നത്. |
| ബി) | ഏതെല്ലാം ടൂറിസം ഡെസ്റ്റിനേഷൻ പോയിന്റുകളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | ബി) | പ്രഥമ ചാമ്പ്യൻസ് ബോട്ട് ലീഗ് താഴെ പറയുന്ന സമയക്രമത്തിൽ നടന്നുവരുന്നു.<br>1. നെഹ്റു ട്രോഫി ബോട്ട് റേസ്, ആലപ്പുഴ- ഓഗസ്റ്റ് 31, 2019<br>2. താഴത്തങ്ങാടി, കോട്ടയം-സെപ്റ്റംബർ 7, 2019<br>3. കരുവാറ്റ, ആലപ്പുഴ- സെപ്റ്റംബർ 14, 2019<br>4. പിറവം, എറണാകുളം-സെപ്റ്റംബർ 28, 2019<br>5. മറൈൻ ഡ്രൈവ്, എറണാകുളം- ഒക്ടോബർ 5, 2019<br>6. കോട്ടപ്പുറം, തൃശ്ശൂർ-ഒക്ടോബർ 12, 2019<br>7. കോട്ടപ്പുറം, തൃശ്ശൂർ-ഒക്ടോബർ 19, 2019 (സാങ്കേതിക കാരണങ്ങളാൽ പൊന്നാനിയിൽ നിശ്ചയിച്ചിരുന്ന വള്ളംകളി കോട്ടപ്പുറത്തുവച്ച് നടത്തി)<br>8. കൈനകരി, ആലപ്പുഴ-ഒക്ടോബർ 26, 2019 |

| | | | |
|---|---|---|---|
| | | | 9. പുളിങ്കുന്ന്, ആലപ്പുഴ-നവംബർ 2, 2019<br>10. കായംകുളം. ആലപ്പുഴ- നവംബർ 9, 2019<br>11. കല്ലട, കൊല്ലം- നവംബർ 16, 2019<br>12. പ്രസിഡന്റ്സ് ട്രോഫി ബോട്ട് റേസ്, കൊല്ലം- നവംബർ 23, 2019 |
| സി) | വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് മലബാർ മേഖലയിൽ എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ? | സി) | മലബാർ മേഖലയുടെ വിനോദസഞ്ചാര വികസനത്തിനായി വിവിധ പദ്ധതികൾ ടൂറിസം വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 80.37 കോടി രൂപയുടെ മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതി നടപ്പാക്കി വരുന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന പദ്ധതിയായി 53.08 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയായിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്, ധർമ്മടം കടൽത്തീരങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് പ്രസ്തുത പ്രദേശത്തെ അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കുവാനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇത് കൂടാത തലശ്ശേരിയിലെ പൈതൃക മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള തലശ്ശേരി ഹെറിറ്റേജ് പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളെ ഉൾപ്പെടുത്തി തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാഹസിക ടൂറിസം രംഗത്തെ ഇനങ്ങളായ കയാക്കിങ്ങ് ഫെസ്റ്റ്, മൗണ്ടൻ ബൈക്കിങ്ങ് ചലഞ്ച് തുടങ്ങിയ പരിപാടികൾ വിജയകരമായി നടത്തി വരുന്നുണ്ട്.<br><u>വയനാട് ജില്ലയിലെ പദ്ധതികൾ</u><br>1. സ്വദേശ് ദർശൻ സ്കീം- ഡവലപ്മെൻറ് ഓഫ് സ്പിരിച്ചൽ സർക്യൂട്ട്-വയനാട്-ക്ലസ്റ്റർ II<br>2. റിനോവേഷൻ ഓഫ് തിരുനെല്ലി ടെമ്പിൾ പ്രിമൈസസ്, വയനാട്<br>3. റിനോവേഷൻ & റിസ്റ്റോറേഷൻ ഓഫ് പൂക്കോട് ലേക്ക് & പ്രിമൈസസ്<br>4. കൺസ്ട്രക്ഷൻ ഓഫ് വേൾഡ് ക്ലാസ്സ് ടോയ് ലറ്റ് ബ്ലോക്ക് അറ്റ് പൂക്കോട്. |

| | | | |
|---|---|---|---|
| | | | <u>മലപ്പുറം ജില്ലയിലെ പദ്ധതികൾ</u><br>1. ഡവലപ്മെൻറ് ഓഫ് സൺ സെറ്റ് ബീച്ച് പാർക്ക്, പടിഞ്ഞാറെക്കര<br>2. മാമാങ്കം ചാവേർത്തറ ഹെറിറ്റേജ് ടൂറിസം പ്രോജക്റ്റ്, തിരുമാന്ധാംകുന്ന്. അങ്ങാടിപ്പുറം |

സെക്ഷൻ ഓഫീസർ